**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2668** **13-12-2022 - ൽ മറുപടിയ്ക്ക്**

**ഭർത്താവ് ഉപേക്ഷിച്ചവർക്ക് പെൻഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഭർത്താവ് ഉപേക്ഷിക്കപ്പെട്ട കുടുംബങ്ങൾക്ക് ലഭിച്ചുവന്നിരുന്ന ഇന്ദിരാഗാന്ധി വിധവാ പെൻഷൻ നിഷേധിക്കപ്പെടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഭർത്താവ് മരണപ്പെടുകയോ 7 വർഷത്തിലധികമായി ഭർത്താവിനെ കാണാൻ ഇല്ലാത്തതോ ആയവർക്കു മാത്രമേ വിധവാ പെൻഷൻ ലഭിയ്ക്കുവാൻ അർഹതയുള്ളൂ. എന്നാൽ സർക്കാർ ഇതിനെ ഉദാരവൽക്കരിക്കുകയും ഭർത്താവ് ഉപേക്ഷിച്ച് 7 വർഷം കഴിഞ്ഞതും (deserted) പുനർ വിവാഹിതരായിട്ടില്ലാത്ത-വരുമായ 50 വയസ്സുകഴിഞ്ഞ സ്ത്രീകൾക്ക് മറ്റ് മാനദണ്ഡങ്ങൾ പ്രകാരം അർഹതയുള്ള പക്ഷം മേൽ വിവരങ്ങൾ ഉൾക്കൊള്ളിച്ച് വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വിധവാ പെൻഷൻ അനുവദിക്കുകയും ചെയ്യുന്നുണ്ട്. മേൽപ്രകാരം വിധവയല്ലാത്ത അനർഹരെയാണ് വിധവാ പെൻഷൻ ലഭിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്. |
| (ബി) | വളരെയധികം സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന ഇത്തരം കുടുംബങ്ങൾക്ക് മറ്റേതെങ്കിലും പേരിൽ പെൻഷൻ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ? | (ബി) | സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ അർഹതയുള്ള പക്ഷം അവർക്ക് മറ്റ് സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ